പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യ വികസനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4667

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം ഗ്രാമീണ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ വ്യക്തിഗത ടോയ്ലെറ്റുകൾ, കാലിത്തൊഴുത്തുകൾ, ഓടകൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | കാർഷികമേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരമായ ജോലി ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതി പ്രകാരം ഏതെങ്കിലും തരത്തിലുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | തൊഴിലുറപ്പ് പദ്ധതിയിൽ ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ നൽകുക എന്നതാണ് ലക്ഷ്യം. എന്നാൽ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, ജലസേചനസൗകര്യങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ഇത് മൂലം കാർഷിക പ്രവൃത്തികൾ കൂടുതൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) | ഗ്രാമീണ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്ന കാര്യത്തിലും കാർഷികമേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരം ജോലി ഉറപ്പുവരുത്തുന്നതിനുമായി ഈ പദ്ധതിയുടെ പരിധിയിൽ പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമമുണ്ടാകുമോ; | (സി) | തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ടതിമായി തൊഴിൽ നൽകുന്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ പരിധിയിൽ പ്രത്യേക പാക്കേജ് നിലവിൽ ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ഡി). | നിലവിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വാർഡ്തലത്തിൽ ഗ്രാമസഭ തെരഞ്ഞെടുക്കുന്ന വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഗ്രാമ, ബ്ലോക്ക്, ജില്ലാതലത്തിൽ, നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരും മോണിറ്റർ ചെയ്യുന്നു. കൂടാതെ 04.02.2013 ലെ സർക്കാർ ജി.ഒ (ആർ.റ്റി) നം .304/13/തസ്വഭവ പ്രകാരം, എല്ലാ ജില്ലകളിലും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) | നിലവിൽ എത്ര ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെ ഇതുമായി ബന്ധപ്പെട്ട് നിയോഗിച്ചി ട്ടുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ; | (ഇ) | നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. |
| (എഫ്) | എല്ലാ ജില്ലകളിലും ഇവരെ വിന്യസിപ്പിച്ച് എം.ജി.എൻ. ആർ.ഇ.ജി.എസ്. ഫലപ്രദ മാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (എഫ്) | സർക്കാരിന്റെ പരിഗണനയിലാണ്. |
| (ജി) | ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടു ക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ജി) | ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>ഒരു സാമ്പത്തികവർഷത്തിൽ അമ്പതിനായിരത്തിൽ കുറയാതെ കുടുംബങ്ങൾക്ക് തൊഴിൽ നൽകുക. ശരാശരി 30 തൊഴിൽ ദിനങ്ങൾ ഓരോ കുടുംബത്തിനും നൽകുക. ഇതിനാവശ്യമായ തുക ചെലവഴിക്കുക, ഭരണചെലവ് ആറ് ശതമാനത്തിൽ കൂടാൻ പാടില്ല. |
| (എച്ച്) | ഇവർക്ക് ഏതെങ്കിലും തരത്തിൽ വേതനം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ? | (എച്ച്) | ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർമാരെയാണ് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരായി നിയമിക്കുന്നത്. ഭരണനിർവ്വഹണ ചെലവിൽ നിന്നാണ് ഇവർക്ക് വേതനം നൽകുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ